## പതിമൂന്നാം കേരളനിയമസഭ

### ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.319 — 28.06.2011-ൽ മറുപടിക്ക്.

**<u>പഞ്ചായത്തുകളിലെ പദ്ധതി നടത്തിപ്പ്</u>**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | | ശ്രീ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) | പഞ്ചായത്തുകൾ മുഖേനയുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; | (എ) (1)എസ്റ്റിമേറ്റുകൾ തയ്യാറാക്കി സാങ്കേതികാനുമതി നേടുന്നതിലെ കാലതാമസം ഒഴിവാക്കാനായി പ്രോജക്ടുകളോടൊപ്പം എസ്റ്റിമേറ്റുകൾകൂടിസമർപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.<br>(2)സാങ്കേതികാനുമതി നൽകുന്ന പ്രക്രിയസമയബന്ധിതമായി പൂർത്തിയാക്കണമെന്ന് ടെക്നിക്കൽഅഡ്വൈസറി ഗ്രൂപ്പുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.<br>(3)ഓരോമാസത്തിന്റെ ആരംഭത്തിലും തദ്ദേശഭരണസ്ഥാപനതലത്തിലും ജില്ലാതലത്തിലും യോഗം ചേർന്ന്പദ്ധതി നിർവഹണത്തിന്റെ പുരോഗതി അവലോകനം ചെയ്യുന്നതാണ്. |

| | | | |
|---|---|---|---|
| (ബി) | സാമ്പത്തികവർഷത്തിന്റെ അവസാന പകുതിയിൽ തുക മുഴുവൻ ചെലവഴിക്കുന്നതിന് പദ്ധതികൾ വേഗത്തിൽ അംഗീകരിച്ച് നടപടിക്രമങ്ങൾ ലഘൂകരിക്കുന്നതിന് നിർദ്ദേശം നൽകുമോ; | (ബി) | നടപ്പുവർഷത്തെ പദ്ധതികൾക്ക് 2011 ജൂലൈ 11-നകം അംഗീകാരം നേടണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | ലഭിക്കുന്ന നിർദ്ദേശമനുസരിച്ച് പഞ്ചായത്തുകൾ നടപ്പിലാക്കുന്ന പദ്ധതികൾക്ക് കൂടുതൽ പണം നീക്കിവയ്ക്കേണ്ട സ്ഥിതി ഒഴിവാക്കി പഞ്ചായത്തുകൾക്ക് തനത് പദ്ധതികൾ നടപ്പിലാക്കാൻ ധനസഹായം നൽകുന്ന രീതി ആവിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | അംഗൻവാടി പോഷകാഹാരം, എസ്.എസ്.എ തുടങ്ങി ഏതാനും പദ്ധതികൾക്ക് തദ്ദേശഭരണസ്ഥാപനങ്ങൾ വികസനഫണ്ടിൽനിന്നും നിർബന്ധമായും പണം നീക്കിവയ്ക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശഭരണസ്ഥാപനങ്ങളുടെ ചുമതലയിൽ ഉൾപ്പെട്ട വിഷയങ്ങളായതുകൊണ്ടാണ് ഇപ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത്. ബാക്കി തുകയ്ക്കുള്ള പദ്ധതികൾ പൊതുവായ മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ആവിഷ്കരിച്ച് നടപ്പാക്കുന്നതിനുള്ള സ്വാതന്ത്ര്യം തദ്ദേശഭരണസ്ഥാപനങ്ങൾക്കുണ്ട്. |

സെക്ഷൻ ആഫീസർ.